**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 468** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 110 കെ.വി. സബ്സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്,കള്ളിക്കാട്,പെരുങ്കടവിള,വെള്ളറട,ഒറ്റശേഖരമംഗലം,അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിലവിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ;

**<u>മറുപടി:</u>** പാറശ്ശാല മണ്ഡലത്തിലെ ആര്യൻകോട്, കള്ളിക്കാട്, പെരുങ്കടവിള, വെള്ളറട, ഒറ്റശേഖരമംഗലം, അമ്പൂരി എന്നീ മലയോര പഞ്ചായത്തുകളിലെ വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഒറ്റശേഖരമംഗലം കേന്ദ്രമാക്കി 110 kV സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതിക്ക് KSEBL ഭരണാനുമതി നൽകിയിട്ടുണ്ട്. നിർദ്ദിഷ്ട സബ്സ്റ്റേഷനിലേക്ക് 110 kV ലൈൻ നിർമ്മിക്കുന്നതിനുള്ള പ്രൊഫൈൽ സർവേ പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

**(ബി)** പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിനായി ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി വാങ്ങുന്നതിനായി അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**(സി)** പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ടെൻഡർ നടപടികളിലേക്ക് കടക്കുന്നതിന് മുന്നോടിയായി ഇനി എന്തെല്ലാം കാര്യങ്ങളാണ് പൂർത്തിയാക്കാനുള്ളതെന്നറിയിക്കാമോ;

**<u>മറുപടി:</u>** പദ്ധതിയുടെ ടെൻഡർ നടപടികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. സാങ്കേതികാനുമതിയും ഭൂമിയും ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**(ഡി)** പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിക്കാൻ സാധിക്കുകയെന്നും എത്ര സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ ?

**മറുപടി:** സാങ്കേതികാനുമതിയും ഭൂമിയും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പദ്ധതി 31.12.2028-ന് മുമ്പായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**